# തൂലിക



## ഗവ.എച്ച്.എസ്സ്.എസ്സ് ചെങ്ങളം

# ഉലിക

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | കെ.എസ് മാത്യൂ |
| സ്റ്റുഡന്റ് എഡിറ്റർ | : | ആന്റോ മാത്യൂ |
| സ്റ്റാഫ് എഡിറ്റർ | : | ജയശ്രീ എസ് |
| സബ് എഡിറ്റേഴ്സ് | : | അമിത സന്തോഷ് |
| | : | ആവണി എ |
| | : | ബാസിം കെ എ |
| | : | മേഘ കൊച്ചുമോൻ |
| | : | അനിൽ മാത്യൂ |
| | : | ജിബിൻ പി മാത്യൂ |
| ഫോട്ടോസ് | : | അനീഷ് പി ആർ |
| ടൈപ്പിങ്ങ് & എഡിറ്റിങ്ങ് | : | ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ |

## എഡിറ്ററുടെ പേജ്

സമാനതകളില്ലാത്ത പ്രളയക്കെടുതിയിൽ കേരളമൊന്നാകെ മുങ്ങിയമർന്നപ്പോൾ, എല്ലാ ഭിന്നതകളും മറന്ന്, എല്ലാ മതിൽക്കെട്ടുകളും തകർത്ത് കേരളമൊന്നായി നടത്തിയ രക്ഷാപ്രവർത്തനത്തിൽ 'നവകേരളം' നാടിനാകെ മാതൃകയായി. പ്രളയക്കെടുതികൾ ഏറെ അനുഭവിക്കേണ്ടിവന്നഞങ്ങൾക്ക്, ഒട്ടേറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് മാത്രമേ "**ഋലിക**" തയ്യാറാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഒട്ടേറെ പോരായ്മകളും കൈക്കുറ്റപ്പാടുകളും സംഭവിക്കാനുള്ള സാധ്യതകൾ ഉണ്ട്. അവയെല്ലാം സദയം ക്ഷമിച്ച്, ഈ മിന്നാമിന്നിയുടെ നുറുങ്ങുവെട്ടത്തെ സ്വീകരിച്ചാലും. നാളെയുടെ ഉദയസൂര്യനായി ജ്വലിച്ചുയരുമെന്ന പ്രതിജ്ഞയോടെ ഋലിക സഹൃദയ സമക്ഷം സമർപ്പിക്കുന്നു.



നമ്മുടെ സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ ഐ.ടി പരിജ്ഞാനം പ്രകടിപ്പിക്കുന്നതിനുള്ള ഒരു അവസരമാണ്. ഈ നൂതന സംരംഭത്തിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

കെ. എസ് മാത്യു

ഹെഡ്മാസ്റ്റർ



ബഹു. കേരള വിദ്യാഭ്യാസവകുപ്പ് ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിൽ ആരംഭിച്ചിരിക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

സി. റ്റി. രാജേഷ്

പി.ടി.എ പ്രസിഡന്റ്

# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ



കെ.എസ് മാത്യു

സ്റ്റുഡന്റ് എഡിറ്റർ



ആന്റോ മാത്യു

സ്റ്റാഫ് എഡിറ്റർ



ജയശ്രീ എസ്

ലിറ്റിൽ കൈറ്റ്സ് ലീഡർ



അജയ് പി മനോജ്

കൈറ്റ് മാസ്റ്റർ



അനീഷ് പി ആർ

ലിറ്റിൽ കൈറ്റ്സ് ഡപ്യൂട്ടി ലീഡർ



അനഘ നികിൽ

## ഉള്ളടക്കം

ലിറ്റിൽ കൈറ്റ്സ് (Little KITEs)........8
നിലാവ്........11
ചെങ്ങളം സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക്........12
അമ്മയുടെ ആഗ്രഹം........14
വൈദ്യുതിയുടെ കഥ........16
ചെങ്ങളം സ്കൂൾ ഒരു ചിമിഴിനുള്ളിൽ........20
ധീരരക്തസാക്ഷിത്വം........34
കേരളത്തിന് കൈത്താങ്ങായി കുഞ്ഞാറ്റയും........35
കാളയും തവളയും........36
ഞങ്ങളുടെ ചിത്രകല........37
അമ്മ........41
സ്വന്തം കഴിവിൽ അഹങ്കരിക്കരുത്........42
നന്മമരം........43

# ലിറ്റിൽ കൈറ്റ്സ് (Little KITEs)

പൊതു വിദ്യാഭ്യാസസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കുന്ന ഹൈടെക് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് വിവരവിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിശീലനം നൽകി കുട്ടികളെ സജ്ജരാക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് (Little KITEs) യൂണിറ്റ് നമ്മുടെ സ്കൂളിലും ആരംഭിക്കാൻ കഴിഞ്ഞു. എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരം 4 മുതൽ 5 വരെയാണ് ലിറ്റിൽ കൈറ്റ്സ് പരിശീലനം.

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥിക്ക് പരിശീലന കാലയളവിൽ വൈവിധ്യമാർന്ന പരിശീലന പ്രവർത്തനങ്ങളിലൂടെ കടന്നുപോകാനുള്ള അവസരമാണ് ലഭിക്കുന്നത്. സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടുന്നതിന് അവസരം നൽകി, ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനുള്ള അവസരമൊരുക്കുന്നതിനാണ് വിവിധ വിഷയ മേഖലയിലെ പ്രായോഗിക പരിശീലനം പരിശീലന പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്രാഫിക്സ് & ആനിമേഷൻ, സ്ക്രാച്ച് പ്രോഗ്രാമിങ് , പൈത്തൺ പ്രോഗ്രാമിങ്, മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, ഹാർഡ് വെയർ, മലയാളം കമ്പ്യൂട്ടിങ്ങും ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങും, ഇന്റർനെറ്റും സൈബർ സുരക്ഷയും എന്നിങ്ങനെ വിവിധ മേഖലകളാണ് യൂണിറ്റ് തല പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ 25 അംഗങ്ങളുണ്ട്.കൈറ്റ് മാസ്റ്റർ ശ്രീ. അനീഷ് പി.ആർ ഉം കൈറ്റ് മിസ്ട്രസ് ശ്രീമതി. എസ് ജയശ്രീ ടീച്ചറും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

## സ്കൂൾതല നിർവഹണ സമിതി

ചെയർമാൻ – ശ്രീ. സി.റ്റി.രാജേഷ് , പി.ടി.എ പ്രസിഡന്റ്

കൺവീനർ – ശ്രീ. മാത്യു കെ.എസ്, ഹെഡ്മാസ്റ്റർ

| | | |
|---|---|---|
| വൈസ് ചെയർമാൻമാർ | - | ശ്രീമതി. ഹസീദ , എം.പി.ടി.എ പ്രസിഡന്റ് |
| | - | ശ്രീ. യാസർ അഹമ്മദ്, പി.ടി.എ വൈസ് പ്രസിഡന്റ് |
| ജോ. കൺവീനർമാർ | - | ശ്രീ . അനീഷ് പി.ആർ, കൈറ്റ് മാസ്റ്റർ |
| | - | ശ്രീമതി. എസ് ജയശ്രീ, കൈറ്റ് മിസ്ട്രസ് |
| കുട്ടികളുടെ പ്രതിനിധികൾ | - | അജയ് പി മനോജ്, ലിറ്റിൽ കൈറ്റ് ലീഡർ |
| | - | അനഘ നിഖിൽ, ലിറ്റിൽ കൈറ്റ് ഡപ്യൂട്ടി ലീഡർ |
| | - | ആദർശ് മനോജ്, സ്കൂൾ ലീഡർ |
| | - | ആകാശ് പി പി , സ്കൂൾ ഡപ്യൂട്ടി ലീഡർ |



**ജി.എച്ച്.എസ്സ്.എസ്സ്. ചെങ്ങളം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ**

# നിലാവ്

ഏബൽ സുനിൽ

സ്റ്റാൻഡാർഡ് - 4



ഓടി വാ താഴെ വാ പൂനിലാവേ

ചന്തമേറും നിറം നിനക്കാരു തന്നു ?

ഉണ്ണിക്കുട്ടന് കളിക്കാനായി

വെട്ടമായി താഴെ വരൂ നീ

കുഞ്ഞിക്കിളിക്ക് വെളിച്ചമായി

നീ പാറി വരൂ

ഓടി വാ താഴെ വാ പൂനിലാവേ

എൻ മനസ്സിലെ ഭീതിയകറ്റാൻ

കൂടെ വരുമോ നീ

ഓടി വാ താഴെ വാ പൂനിലാവേ


# ചെങ്ങളം സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക്







*Figure 31: Views of the proposed master plan*



# അമ്മയുടെ ആഗ്രഹം

അമിത സന്തോഷ്
സ്റ്റാൻഡാർഡ് - 9

ഒരു ഗ്രാമത്തിലാണ് ദീപയും അമ്മയും താമസിക്കുന്നത്. ദീപയ്ക്ക് ആറ് വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. അമ്മ അടുത്തുള്ള വീടുകളിൽ ജോലിക്ക് പോയാണ് വീട് നോക്കുന്നത്. ദീപ ഇപ്പോൾ പത്താം ക്ലാസ്സിലാണ്. ദീപയെ ഒരു ഡോക്ടറാക്കണം എന്നതാണ് അമ്മയുടെ ആഗ്രഹം. പണക്കാരും പാവങ്ങളും താമസിക്കുന്ന ആ ഗ്രാമത്തിൽ ഒരു ആശുപത്രിയില്ല.



“ദീപ ഡോക്ടറായി ഗ്രാമത്തിൽഒരു ആശുപത്രി സ്ഥാപിച്ച് അവിടെ ജോലി ചെയ്യണം" എന്ന് അമ്മ പലപ്പോഴും മകളോട് പറയും. പെട്ടെന്നാണ് ഒരു ദിവസം അമ്മ തല കറങ്ങിവീണത്. ദീപയും നാട്ടുകാരും വെള്ളം തളിച്ചപ്പോൾ അമ്മ ഉണർന്നു.എന്നാൽ ഇരു കാലുകളും ചലിപ്പിക്കാൻ സാധിക്കാതെയായി. ദീപയുടെ പഠനം ഒരിക്കലും മുടങ്ങരുതെന്ന് അമ്മ കരുതി. അമ്മയ്ക്ക് ജോലിക്ക് പോകാൻ കഴിയാതെയായി. എന്നാൽ ദീപയുടെ വിദ്യാഭ്യാസത്തിനും ഒരു നേരത്തെ ഭക്ഷണത്തിനുമുള്ള പണം അമ്മ സൂക്ഷിച്ച് വച്ചിരുന്നു. ആശുപത്രിയില്ലാത്തതിനാൽ അമ്മയെ ചികിത്സിക്കാൻ സാധിച്ചില്ല. അങ്ങ് പട്ടണത്തിൽ ആശുപത്രിയുണ്ട്. പക്ഷേ ലക്ഷങ്ങൾ മുടക്കിയാലേ ചികിത്സ നടത്താൻ സാധിക്കുകയുള്ളൂ. അതിനുള്ള പണം ദീപയുടെ കൈവശമില്ലായിരുന്നു. വർഷങ്ങൾ കഴിഞ്ഞു.നാട്ടുകാരുടെ കാരുണ്യത്താലും അമ്മ സ്വരുക്കൂട്ടി വച്ച പണത്താലും വീട്ടുകാര്യങ്ങൾ നോക്കുകയും

പട്ടണത്തിൽ പോയി പഠിച്ച് ദീപ ഡോക്ടറാവുകയും ചെയ്തു. ദീപ പഠിക്കാൻ പോയപ്പോൾ അയൽവാസികളാണ് അമ്മയെ നോക്കിയത്.ദീപ പലപ്പോഴും അമ്മയെ പട്ടണത്തിൽ കൊണ്ടുപോയി ചികിത്സിക്കാൻ ഒരുങ്ങിയിരുന്നു. പക്ഷേ അമ്മ അത് സമ്മതിച്ചില്ല. മകൾ ഡോക്ടറായി അമ്മയെ ചികിത്സിച്ച് ഭേദമാക്കിയാൽ മതിയെന്ന് അമ്മ പറഞ്ഞു. ദീപ ഡോക്ടറായി ഗ്രാമത്തിലെത്തി. അമ്മയെ കാണാനായി അവൾ വീടിനകത്തേക്ക് കയറി. പെട്ടെന്നാണ് അയൽവാസികളുടെ നിലവിളി കേട്ടത്. അവൾ ഓടി അമ്മ കിടന്ന മുറിയിലെത്തി. അമ്മ മരിച്ചു കിടക്കുന്നതാണ് അവൾ അവിടെ കണ്ടത്. അമ്മയുടെ മരണം അവളെ മാനസികമായി തളർത്തി. രണ്ട് മാസങ്ങൾക്ക് ശേഷം ദീപ വീണ്ടും സാധാരണ നിലയിലേക്ക് തിരിച്ചു വന്നു. അവളുടെ കൈയിൽ പണമോ സമ്പത്തോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഒരു കൂട്ടുകാരിയുടെ സഹായത്താൽ അവൾ വിദേശത്തേക്ക് പോയി. അവിടെ ഒരു ആശുപത്രിയിൽ ജോലി ചെയ്ത് പണം സമ്പാദിച്ച് അവൾ നാട്ടിലെത്തി. അമ്മയുടെ ആഗ്രഹം പോലെ ഒരു ആശുപത്രി സ്ഥാപിച്ച് അവിടെ സൗജന്യ ചികിത്സ തുടങ്ങി. ഒരു ദിവസം ഒരു കുട്ടി അവളോട് ചോദിച്ചു. " ചേച്ചി എന്തിനാണ് സൗജന്യമായി ചികിത്സ നടത്തുന്നത്? ഇത് ചേച്ചിക്ക് എന്ത് ലാഭമാണ് നൽകുന്നത്?" എന്റെ അമ്മയുടെ ആഗ്രഹം ഞാനൊരു ഡോക്ടറായി നമ്മുടെ ഗ്രാമത്തിൽ ആശുപത്രി സ്ഥാപിച്ച് ജോലി ചെയ്യണമെന്നായിരുന്നു.എന്നാൽ ഞാൻ ഡോക്ടറായപ്പോൾ അത് കാണാൻ അമ്മയുണ്ടായില്ല. അമ്മ വർഷങ്ങളായി തളർന്ന് കിടപ്പിലായിരുന്നു.ചികിത്സിക്കാൻ ഒരു ആശുപത്രിയോ പണമോ ഇല്ലായിരുന്നതാണ് എന്റെ അമ്മയുടെ ജീവൻ നഷ്ടപ്പെടാൻ കാരണം.ഒരു ആശുപത്രിയുടെ അഭാവത്താൽ പണമില്ലായ്മയാൽ ഈ ഗ്രാമത്തിൽ ധാരാളം ജനങ്ങൾ മരിച്ചിരുന്നു.എന്നാൽ അതിനി ഉണ്ടാവാതിരിക്കാനാണ് ഞാനിങ്ങനെ സൗജന്യ ചികിത്സ നടത്തുന്നത്. ഇതിൽ നിന്നും എനിക്കൊരു ലാഭവും വേണ്ട. ഒരാളുടെ ജീവൻ രക്ഷിക്കാൻ സാധിക്കുന്നതിനേക്കാൾ വലുതല്ല പണവും സമ്പത്തുമൊന്നും. അതിനാൽ ലാഭം മാത്രം ലക്ഷ്യമാക്കി ഒരു പ്രവൃത്തിയും ചെയ്യരുത് . ഇതായിരുന്നു ദീപയുടെ ഉത്തരം.


# വൈദ്യുതിയുടെ കഥ

ആന്റോ മാത്യു

സ്റ്റാൻഡാർഡ് - 9

## ഥേൽസ് പറഞ്ഞ ഊർജം

ചില വസ്തുക്കൾ തമ്മിൽ ഉരയുമ്പോൾ പ്രത്യേക ഊർജം ഉണ്ടാവുന്നതായി ഗ്രീക്ക് തത്യചിന്തകനായ ഥേൽസ് 2600 വർഷം മുമ്പ് പറഞ്ഞു. ഥേൽസ് പറഞ്ഞ ആ ഊർജം' സ്റ്റാറ്റിക് ഇലക്ട്രിസിറ്റി ' ആണെന്ന് നൂറ്റാണ്ടുകലൾക്ക് ശേഷം



## ബെഞ്ചമിൻ ഫ്രാങ്ക്ളിന്റെ പരീക്ഷണം

മിന്നൽ വൈദ്യുതിയുണ്ടെന്ന് അമേരിക്കക്കാരനായ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ1752-ൽ തെളിയിച്ചു.



ശക്തമായ മിന്നലുള്ള സമയത്ത് പട്ടം പറപ്പിച്ചാണ് അദ്ദേഹം പരീക്ഷണം നടത്തിയത്.



## അലസാൻഡ്രോ വോൾട്ട



1800-ൽ, ഇറ്റലിക്കാരനായ  അലസാൻഡ്രോ

വോൾട്ട  എന്ന ശാസ്ത്രജ്ഞൻ ഒരു ബാറ്ററി നിർമിച്ചു.

വോൾട്ടയിക് പൈ എന്ന

ഈ ബാറ്ററി കൊണ്ട് സ്ഥിരതയുള്ള

വൈദ്യുതി ഉണ്ടാക്കാൻ കഴിഞ്ഞു.

## ഹംഫ്രി ഡേവി   തെളിച്ച  വെളിച്ചം

ഹംഫ്രി ഡേവി എന്ന ബ്രിട്ടീഷ്  ശാസ്ത്രജ്ഞൻ

1808-ൽ ലോകത്തിലെ ആദ്യ ആർക്ക് ലാംപ്

നിർമ്മിച്ചു. ഒരു കഷണം കാർബൺ പിടിപ്പിച്ച

വിളക്കിലേക്ക് ബാറ്ററി ഉപയോഗിച്ച് വൈദ്യുതി

ലോകചരിത്രത്തെത്തന്നെ

നൽകുമ്പോൾ കാർബൺ ചുട്ടുപഴുത്ത് വെളിച്ചം

നൽകി.




## ഫാരഡെ നിർമ്മിച്ച മോട്ടോർ



ബ്രിട്ടീഷുകാരനായ മൈക്കൽ ഫാരഡെ 1821-ൽ ആദ്യ വൈദ്യുതമോട്ടോർ നിർമ്മിച്ചു. ഈ കണ്ടെത്തൽ ലോകചരിത്രത്തെത്തന്നെ മാറ്റിമറിച്ചു.

## സാമുവൽ മോർസും ടെലിഗ്രാഫും

1844-ൽ അമേരിക്കക്കാരനായ സാമുവൽ മോർസ് ഇലക്ട്രിക് ടെലിഗ്രാഫ് എന്ന ഉപകരണം കണ്ടെത്തി. വൈദ്യുതി ഉപയോഗിച്ച് സന്ദേശങ്ങൾ അയയ്ക്കാൻ കഴിയും എന്ന് അദ്ദേഹം തെളിയിച്ചു.





## ആദ്യത്തെ ബൾബ്


Joseph Swan
(1828-1914)

1878-ൽ വൈദ്യുത ബൾബിന്റെ ആദ്യരൂപം ബ്രിട്ടീഷുകാരനായ ജോസഫ് സ്വാൻ കണ്ടെത്തി. വൈദ്യുതബൾബ് കണ്ടുപിടിച്ചതിന്റെ ബഹുമതി സ്വാൻ തോമസ് എഡിസണോടൊപ്പം പങ്കിടുന്നു.

## എഡിസൺ എന്ന മഹാപ്രതിഭ




1879-ൽ അമേരിക്കക്കാരനായ

തോമസ് ആൽവാ എഡിസൺ

പൂർണമായൊരു വൈദ്യുത ബൾബ് നിർമ്മിച്ചു.

ഈ ബൾബിന്റെ ഫിലന്റ് 40 മണിക്കൂർ തുടർച്ചയായി

കത്തി നിന്നു. നൂറുകണക്കിന്

പരീക്ഷണങ്ങളിലൂടെ ഒട്ടേറെ

ലോഹങ്ങൾ മാറിമാറി

ഉപയോഗിച്ചശേഷമാണ്

എഡിസൺ ഈ കണ്ടെത്തൽ

എത്തിയത്.

## ആദ്യത്തെ ജലവൈദ്യുത നിലയം



വെള്ളത്തിൽനിന്ന് വൈദ്യുതി ഉണ്ടാക്കുന്ന ലോകത്തിലെ

ആദ്യത്തെ നിലയം 1882-ൽ അമേരിക്കയിലെ ആപ്പിൾടണിൽ

സ്ഥാപിച്ചു. തോമസ് ആൽവാ എഡിസൺ ആയിരുന്നു

ഇതിന്റെ ശില്പി. ആണവോർജം ഉപയോഗിച്ച് വൻ

തോതിൽ വൈദ്യുതി ഉണ്ടാക്കുന്ന ലോകത്തിലെ

ആദ്യ നിലയം സോവിയറ്റ് യൂണിയനിൽ [ഇന്നത്തെ റഷ്യ]

1954-ൽ പ്രവർത്തനം തുടങ്ങി.

# ചെങ്ങളം സ്കൂൾ ഒരു ചിമിഴിനുള്ളിൽ

## പ്രവേശനോത്സവം 2018-19





## പഠനവിനോദയാത്ര





## ശിശുദിനാഘോഷം






## പരിസ്ഥിതിദിനാചരണം





## ഗാന്ധിജയന്തി






## ആറാട്ടുപുഴ വേലായുധപണിക്കരച്ചൻ ഫൗണ്ടേഷൻ പ്രസംഗ മത്സര വിജയികൾ




**ഒന്നാം സ്ഥാനം - അതുല്യ ദിലീപ്**



**രണ്ടാം സ്ഥാനം - ആരതി അജയൻ**

**ജില്ലാ ഗണിതശാസ്ത്രമേള A ഗ്രേഡ്**



**ആതിര മധു  സ്റ്റാൻഡാർഡ് 10**



**പ്രളയം - അർജ്ജുൻ റെജിയുടെ ഭാവനയിൽ**

# ധീരരക്തസാക്ഷിത്വം

ആരതി അജയൻ

സ്റ്റാൻഡാർഡ് - 9

സഖാക്കളെ സഖാക്കളെ

നിങ്ങൾക്ക് ആയിരം അഭിവാദ്യങ്ങൾ

ജനങ്ങൾക്കു വേണ്ടി ഒരു നാൾ

പലനാൾ ജീവൻ വെടിഞ്ഞ ധീരർ

ഓരോ ചുവടും പിഴക്കാതെ വെച്ചു

നിങ്ങൾ ജനങ്ങൾക്കു വേണ്ടി

ആദ്യമായി 'ഇങ്ക്വിലാബ് സിന്ദാബാദ്'

എന്നു വിളിച്ച ഭഗത് സിംഗ് - നാട് (സ്വന്തം നാട് )

സഖാക്കളെ സഖാക്കളെ

നിങ്ങൾക്ക് ആയിരം അഭിവാദ്യങ്ങൾ

ഓരോ ചുവടും പിഴക്കാതെ വെച്ചു

ഭാരതീയ അമ്മയ്ക്ക് വേണ്ടി (സ്വാതന്ത്ര്യത്തിനു വേണ്ടി )

ഭാരതമെന്ന അമ്മയും ജനങ്ങളും ( മരണം വരെയും മറക്കില്ല സഖാക്കളെ)

ധീരജവാന്മാരെ നിങ്ങളെയും

# കേരളത്തിന് കൈത്താങ്ങായി കുഞ്ഞാറ്റയും

കുടുക്ക നിറയാൻ കാത്തിരുന്ന അവൾ ........ നാണയത്തുട്ടുകൾ ദുരിതാശ്വാസ നിധിയിലേക്ക് നൽകാൻ........ തന്റെ സൈക്കിൾ സ്വപ്നത്തിന് തൽക്കാലം വിട പറഞ്ഞ് ഒന്നാം ക്ലാസുകാരി അഫ്രിൻ കെ.അബ്ബാസ് (കുഞ്ഞാറ്റ ) ഏറെ സന്തോഷത്തോടെ ആ കുടുക്ക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി.തന്റെ കുടുക്കയിലുള്ള പണം ഉപയോഗിച്ച് സൈക്കിൾ വാങ്ങുക എന്നതായിരുന്നു അഫ്രിന്റെ ലക്ഷ്യം. എന്നാൽ എല്ലാ പ്രതീക്ഷയും തകർത്താണ് വെള്ളപ്പൊക്കം എത്തിയത്.വെള്ളം കയറിയതിനെ തുടർന്ന് അഫ്രിന്റെ കുടുംബവും ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറി.പ്രളയത്തിന് ശേഷം വീട്ടിൽ വന്ന പത്രത്തിൽ കുട്ടികളടക്കം ദുരിതാശ്വാസ നിധിയിലേക്ക് പണം നൽകുന്ന വാർത്ത അഫ്രിൻ മാതാപിതാക്കളിൽ നിന്നും അറിഞ്ഞു. പ്രളയം ബാധിച്ച ഏതെങ്കിലും കുട്ടികൾ ബുക്ക് വാങ്ങട്ടെ എന്ന ഉദ്ദേശത്തോടെ തന്റെ കുടുക്കയിലെ പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഇടുവാനായി പ്രധാനാധ്യാപകൻ ശ്രീ.കെ .എസ്. മാത്യുവിനെ ഏൽപ്പിച്ചു. പത്രവാർത്ത കണ്ട് കമ്മനം ആസ്ഥാനമായി പ്രവർത്തിക്കുന്ന മിസ്ബാഹ് എന്ന സംഘടന സ്കൂളിലെത്തി അഫ്രിന് സൈക്കിൾ സമ്മാനിച്ചു.



# കാളയും തവളയും

അതുല്യ ദിലീപ്

സ്റ്റാൻഡാർഡ് - 9



ഒരിക്കൽ ഒരിടത്ത് ഒരു തവളയും അവളുടെ കുഞ്ഞുങ്ങളും താമസിച്ചിരുന്നു. ഒരു ദിവസം രാവിലെ തവളക്കുഞ്ഞുങ്ങൾ കളിക്കുകയായിരുന്നു. അപ്പോൾ അന്നുവരെ കേട്ടിട്ടില്ലാത്ത ഒരു കാലടി ശബ്ദം അവർ കേട്ടു . തവളക്കുഞ്ഞുങ്ങൾ കളി നിർത്തി സൂക്ഷിച്ചു നോക്കി. ഒരു വലിയ ജന്തു കുളത്തിനകത്തേക്ക് വരികയായിരുന്നു.

ഇതെന്തൊരു ജന്തുവാണ് ? ഇത്ര വലിയ ഒരു ജന്തുവിനെ ഞാൻ ഇതുവരെ കണ്ടിട്ടില്ല. കുഞ്ഞു തവള തന്റെ സഹോദരനോട് പറഞ്ഞു. നോക്ക്, എത്ര വലിയ കാലാണ് അവന്. അയ്യോ ഞാൻ ചതഞ്ഞരഞ്ഞതു തന്നെ. കുഞ്ഞു തവള പറഞ്ഞു. അയ്യോ! ആദ്യത്തെ കുഞ്ഞ് അലമുറയിട്ടു. അപ്പോഴേക്കും കാളയുടെ കാൽ അവന്റെ പുറത്തു വീണു കഴിഞ്ഞിരുന്നു. അവൻ ചതഞ്ഞുപോയി. അമ്മാ, അമ്മാ അവൻ കിതച്ചു. ഇതു കേട്ട് ബുദ്ധികെട്ട തവളയ്ക്ക് കോപം വന്നു. അവൾ വീണ്ടും വീണ്ടും വീർക്കാൻ തുടങ്ങി. നിമിഷങ്ങൾക്കകം അവൾ പൊട്ടിത്തെറിച്ചു താഴെ വീണു.

ഗുണപാഠം:- പ്രവർത്തിക്കുന്നതിന് മുമ്പ് രണ്ട് പ്രാവശ്യം ആലോചിക്കുക.

# ഞങ്ങളുടെ ചിത്രകല




**ആദിത്യ ജയമോൻ - സ്റ്റാൻഡാർഡ് - 8**





ആദിത്യ ജയമോൻ സ്റ്റാൻഡാർഡ് - 8






ഏബൽ സുനിൽ സ്റ്റാൻഡാർഡ് - 4



ആഷ്‌ലി ഷെറി സ്റ്റാൻഡാർഡ് - 5



നസ്റിൻ യാസിർ സ്റ്റാൻഡാർഡ് - 5





അനുപമ തങ്കച്ചൻ സ്റ്റാൻഡാർഡ് - 9

അഭിരാമി കെ. എ സ്റ്റാൻഡാർഡ് - 7

# അമ്മ

നവ്യ സന്തോഷ്

സ്റ്റാൻഡാർഡ് - 10

പുലരിയെത്തും മുൻപുണരുമെന്നമ്മ
പൂതിങ്കളേപ്പോലെ പുഞ്ചിരിച്ചീടവേ
കരളിലെ കന്മഷമെല്ലാമകന്നിടും
കരതാരിലെത്തിടുമുന്മേഷമപ്പോഴേ
കുളി കഴിഞ്ഞീറനോടെ തെളിച്ചിടും
നറുതിരി വെട്ടത്തിലിത്തിരി പ്രാർത്ഥന
പ്രാതലൊരുക്കുവാനടുക്കളയിൽ
ഓടി നടക്കും തളരുവോളം
സ്കൂളിലേക്കോടുവാൻ നേരമായാൽ
ധൃതിയിൽ പുസ്തകം ബാഗിലാക്കി
പൊതി കെട്ടി വച്ചൊരാ ചോറുമപ്പോൾ
കുടിവെള്ളമുൾപ്പെടെ തന്നയയ്ക്കേ
ഒരു നൂറു സ്വപ്നങ്ങളാമിഴിയിൽ
തെളിയുന്നതെന്നും ഞാൻ നോക്കി നില്ക്കും
അമ്മതൻ കനവുകൾ സഫലമായ –
നിന്നേ ശപഥം ഞാൻ ചെയ്തിടുന്നു.



# സ്വന്തം കഴിവിൽ അഹങ്കരിക്കരുത്

അനഘ നിഖിൽ സ്റ്റാൻഡാർഡ് - 9

കാട്ടിലെ ഏറ്റവും വലിയവൻ ഞാനാണെന്ന അഹങ്കാരമായിരുന്നു കാട്ടാനയ്ക്ക്. കിട്ടുന്ന അവസരങ്ങളിലൊക്കെ അവൻ മറ്റുള്ളവരെ കളിയാക്കാറുണ്ട്. വലിയ കൊമ്പുകളും, വലിയ പാറ ഉരുണ്ടു വരുന്നതു പോലുള്ള അവന്റെ ശരീരം കാണുമ്പോൾ മറ്റു മൃഗങ്ങൾ ഓടിയൊളിക്കും. ഒരിക്കൽ ചിന്നം വിളിച്ചു കൊണ്ട് മല മുകളിൽ കയറി അവൻ വെല്ലുവിളിച്ചു. എന്നെ തോൽപ്പിക്കാൻ ആരെങ്കിലും ഉണ്ടെങ്കിൽ വാടാ കാണട്ടെ? വൻമരങ്ങൾ പറിച്ചെറിച്ചെടുത്ത് അവൻ ആക്രോശിച്ചു. വെല്ലുവിളിയേറ്റെടുക്കാൻ പലമൃഗങ്ങളും തയ്യാറായില്ലെങ്കിലും മട്ടനറുമ്പ് തയ്യാറായി നീയോ, ഞാനൊന്നൂതിയാൽ പറക്കുന്ന നീയാണോ എന്നോടു മത്സരത്തിനു വരുന്നത്. കാട്ടാനയുടെ പരിഹാസം കേട്ട് മറ്റു മൃഗങ്ങളും ചിരിച്ചു. "ഞാൻ ചെയുന്നതും നിയും ചെയ്തു് കാണിക്കണം . കാട്ടാന പറഞ്ഞു. അത് ചിലപ്പോൾ സാധിച്ചെന്ന് വരില്ല. എന്നാൽ ഞാൻ ചെയുന്നത് താങ്കൾക്കും ചൊയ്യാൻ സാധിക്കില്ല". മട്ടനറുമ്പ് പറഞ്ഞു. സാധിക്കും, നീ എന്തുവേണങ്കിലും ചെയ്തുകൊള്ളു. ഞാൻ ചെയ്തു് കാണിക്കാം. കാട്ടാന പുച്ഛത്തോടെ പറഞ്ഞു. മട്ടനറുമ്പ് പെട്ടെന്ന് മലയുടെ മുകളിലേക്ക് പാഞ്ഞു. എന്നിട്ട് ആനയോടങ്ങനെ ചെയ്യാൻ പറഞ്ഞു. തനിക്ക് മലമുകളിൽ പാഞ്ഞുകയറാനുള്ള ശക്തിയില്ലെന്ന് അവൻ മനസിലാക്കി. അങ്ങനെ നിസ്സാരനെന്ന് കരുതിയിരുന്ന മട്ടനറുമ്പിനോട് കാട്ടാന ആദ്യമായി തോറ്റു. മറ്റ് മൃഗങ്ങൾ കൂവി വിളിക്കാൻ തുടങ്ങി. അവരുടെ ഇടയിലൂടെ കാട്ടാന ഓടി ഒളിക്കുമ്പോൾ മലമുകളിൽ നിന്ന് മട്ടനറുമ്പ് വിളിച്ച് പറയുന്നത് കേട്ടു. "ദൈവം ഓരോരുത്തർക്കും ഓരോ കഴിവ് തന്നിട്ടുണ്ട്. ചങ്ങാതീ, സ്വന്തം കഴിവിൽ നാം അഹങ്കരിക്കരുത്.

# നന്മമരം

നൂർ ഫാത്തിമ

സ്റ്റാൻഡാർഡ് - 9

സർക്കാർ തന്റെ വീട് ജപ്തി ചെയ്ത ശേഷം കോരിത്തരിച്ച മഴയിൽ മകനുമായി അർദ്ധരാത്രിയിൽ തെരുവിലേക്ക് ഇറങ്ങേണ്ടി വന്ന അമ്മ. ആ മകന് അന്ന് നാല് വയസ്സായിരുന്നു. കരഞ്ഞുകൊണ്ട് ആ കുഞ്ഞ് അമ്മയോട് ചോദിച്ചു. "അമ്മേ നമ്മൾ എങ്ങോട്ടാണ് പോകുന്നത്?" അറിയില്ല കുഞ്ഞേ എനിക്കറിയില്ല. അമ്മേ അതാ അച്ഛൻ വരുന്നു. നീ എങ്ങോട്ടാടി ഈ കൊച്ചിനേം കൊണ്ട് പോകുന്നത്? അച്ഛൻ ചോദിച്ചു.നിങ്ങൾക്കൊന്നും അറിയേണ്ടല്ലോ ഇങ്ങനെ കുടിച്ച് നടന്നാൽ മതിയല്ലോ?



എന്നോടെങ്കിലും ഒരു വാക്ക് ചോദിക്കാൻ മേലായിരുന്നോ വീടിന്റെ ആധാരം പണയം വയ്ക്കുമ്പോൾ.നിങ്ങടെ ഈ നശിച്ച കുടി കാരണം ഞാനും എന്റെ കുഞ്ഞും തെരുവിലേക്ക് ഇറങ്ങേണ്ടി വന്നു. നീയൊന്ന് പോടീ ഞാൻ എന്റെ വീടിന്റെ ആധാരം എനിക്കിഷ്ടമുള്ള പോലെ പണയം വയ്ക്കും. അയാളുടെ മറുപടി എങ്ങോട്ടെന്നില്ലാതെ എങ്ങോട്ടെന്നറിയാതെ ഒരൊറ്റ ലക്ഷ്യത്തോടെ ആ അമ്മ നടന്നു നീങ്ങി. ആ അമ്മയുടെ ഓരോ ചുവടുകളും കുഞ്ഞിന്റെ

ഭാവിയിലേയ്ക്കുള്ള ചവിട്ട് പടികളായിരുന്നു. ഇരുട്ടിന്റെ മറവിലൂടെ എങ്ങനെയോ ഉഷസിന്റെ പുലരി പൊട്ടി വിടർന്നു.'

ഇനി അങ്ങോട്ട് ജോലി തേടിയുള്ള യാത്രയാണ്. അവിടെ ദൈവം അവരെ കൈവിട്ടില്ല.ഏതോ ഒരു വീടിന്റെ അടുക്കള മൂലയിൽ ആ അമ്മയുടെ ജീവിതം എരിഞ്ഞു തീരുകയായിരുന്നു.രാവെന്നും പകലെന്നുമില്ലാതെ ഓരോ വീടിന്റേയും അടുക്കള മൂലയിൽ കഷ്ടപ്പെട്ട് പണിയെടുത്ത് തന്റെ മകനെ വളർത്തി വലിയ നിലയിൽ എത്തിച്ചു. വർണത്തിളപ്പിന്റെ ലോകം അവനെ അമ്മയിൽ നിന്ന് അകറ്റിക്കൊണ്ടിരുന്നു. അവൻ ഓർത്തു മുന്നോട്ടുള്ള തന്റെ യാത്രയിൽ അമ്മ ഒരു തടസ്സമാകും. അവൻ അമ്മയെ വിട്ട് സുഖ സൗകര്യങ്ങൾക്ക് പുറകേ പോയി.

പിന്നെ ആ മകൻ കല്യാണം കഴിച്ച് ഒരു കുട്ടിയുണ്ടായി.അവനും വളർന്ന് ഒരു നിലയിലായി. അപ്പോൾ അവന്റെ കണ്ണിൽ തന്റെ അച്ഛനും അമ്മയും വേലക്കാരുടെ സ്ഥാനമായി.അവന്റെ അമ്മയേയും അച്ഛനേയും അവൻ ഇറക്കിവിട്ടു. അപ്പോൾ അച്ഛൻ ചിന്തിച്ചു; എന്റെ അമ്മയും എന്നെ വളരെ കഷ്ടപ്പെട്ട് പല വീടുകളിലും കയറി ഇറങ്ങി പണിയെടുത്ത് എന്നെ ഒരു നിലയിലെത്തിച്ചു.അമ്മയെത്തേടി അവൻ ഇറങ്ങി. അപ്പോഴാണ് അവൻ ആ വാർത്തയറിഞ്ഞത് തന്റെ മകനെയോർത്ത് വിലപിച്ച ആ അമ്മ നെഞ്ച് പൊട്ടി മരിച്ചു എന്ന്. നാമൊന്ന് ഓർക്കുക നമ്മുടെ പ്രവർത്തികൾ ജീവിതത്തിൽ ഒരു തിരിച്ചടിയായി കടന്നു വരുമെന്ന് .

ഗുണപാഠം: അമ്മ നൽകുന്ന സ്നേഹത്തിന് പകരം നൽകാൻ ഈ ലോകത്തിൽ ഒന്നുമില്ല എന്ന സത്യം .